# മഹാത്മാഗാന്ധി സർവ്വകലാശാല

നമ്പർ. എഡി.എ1-2-11/2018 തീയതി, 23.10.2018

## പരിപത്രം

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് - മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും ഭരണഭാഷാ പ്രതിജ്ഞയെടുക്കലും - സംബന്ധിച്ച്.

സൂചന:- 16.10.2018-ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിന്റെ സർക്കുലർ നമ്പർ ഔഭ4/34/2018/ഉഭപവ.

-------

കേരളത്തിന്റെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ചുനടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി എല്ലാ വർഷവും നവംബർ 1 മലയാള ദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരമായും ആഘോഷിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേരളപ്പിറവിയുടെ 62-ാം വാർഷികത്തോടനുബന്ധിച്ച് ഈ വർഷം നവംബർ മാസം 1-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00-ന് സർവ്വകലാശാല ഭരണവിഭാഗത്തിലെ ചത്വരത്തിൽ വച്ച് സംഘടിപ്പിക്കുന്ന ഭരണഭാഷാ സമ്മേളനത്തിൽ ഈ വർഷത്തെ മലയാള ദിനാഘോഷത്തിന്റെയും ഭരണഭാഷാ വാരാഘോഷത്തിന്റെയും ഭാഗമായി ഭരണഭാഷാ പ്രതിജ്ഞ ബഹുമാനപ്പെട്ട വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ജീവനക്കാർക്ക് ചൊല്ലിക്കൊടുക്കുന്നതാണ്.

പ്രസ്തുത ചടങ്ങിൽ എല്ലാ ഉദ്യോഗസ്ഥരും സന്നിഹിതരാകണമെന്ന് അറിയിക്കുന്നു.

## ഭരണഭാഷാ പ്രതിജ്ഞ

**"മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാള ഭാഷയെയും കേരള സംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. ഭരണനിർവ്വഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവ്വത്രികമാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും".**

ഒപ്പ്
ജോയിന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്

1. സെക്ഷനുകൾ / ഡിപ്പാർട്ട്മെന്റുകൾ/സ്കൂളുകൾ/സെന്ററുകൾ
2. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാറുടെ/കൺട്രോളർ ഓഫ് എക്സാമിനേഷൻസിന്റെ/ഫിനാൻസ് ഓഫീസറുടെ പി.എ. മാർ
4. ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
5. സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ/പബ്ലിക് റിലേഷൻസ് ഓഫീസർ (തുടർനടപടികൾക്കായി)
6. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി./യൂണിവേഴ്സിറ്റി എഞ്ചിനീയർ
7. മലയാള ഭാഷാ ഏകോപനാധികാരി
8. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി / ഡേ ഫയൽ / നോട്ടീസ് ബോർഡ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ